# നിർദ്ദേശങ്ങൾ

# ജീസസ് യൂത്ത് പുന:സമർപ്പണദിനം 2018

**പ്രാർത്ഥനാക്രമം**

1. ജീസസ് യൂത്ത് പുന:സമർപ്പണ പ്രാർത്ഥനാ ക്രമത്തിന് എട്ടു ഭാഗങ്ങൾ ഉണ്ട്.

   ആമുഖപ്രാർത്ഥന, സുതാത്രഗീതം, ദൈവവചനം, ദൈവവചന വിചിന്തനം, സമർപ്പണ പ്രതിജ്ഞ, പ്രത്യുത്തരം, മദ്ധ്യസ്ഥ പ്രാർത്ഥന, സമാപനം

2. പ്രാർത്ഥനാക്രമം ഏറെ അർത്ഥപൂർണവും ഭക്ത്യാദരപൂർവവുമാക്കുന്നതിനു പ്രാർത്ഥനാന്തരീക്ഷം സംജാതമാക്കുന്നതു നന്ന്.

   (പ്രൗഢഗംഭീരമായ പരിസരം ഉറപ്പാക്കുക)

3. സ്തുതിഗീതാലാപനത്തോടെ ആരംഭിച്ച് ആമുഖ പ്രാർത്ഥനയിലേക്കു പ്രവേശിക്കാവുന്നതാണ്.
4. സ്തുതിയും ആരാധനയും സ്തോത്രഗീതത്തിനുശേഷമാണ്.
5. ദൈവവചന വായന (ഭാഗം 3) യ്ക്കുശേഷം എല്ലാവരും ഇരുന്ന് വചന വിചിന്തനത്തിനു കാതോർക്കുന്നു (ഭാഗം 4) പ്രാർത്ഥനാക്രമത്തിനുമുമ്പ് വചന പ്രഭാഷണത്തോടുകൂടിയ ദിവ്യബലിയുണ്ടെങ്കിൽ ഈ വിചിന്തനം നിശബ്ദതയിലാവാം.

   – ജീസസ്യൂത്ത് സമർപ്പണ പ്രതിജ്ഞയും

   പുന: സമർപ്പണ പ്രതിജ്ഞയും (ഭാഗം 5)

6. പ്രതിജ്ഞ എടുക്കാൻ താല്പര്യപ്പെടുന്നവരോടു മുന്നോട്ടു കടന്നുവരാൻ കോ-ഓർഡിനേറ്റർ ആവശ്യപ്പെടുന്നതോടെ ഈ ഭാഗം ആരംഭിക്കുന്നു. (പ്രതിജ്ഞ എടുക്കുന്നവരുടെ എണ്ണം വളരെക്കൂടുതലാണെങ്കിൽ മുന്നോട്ടു കടന്നുവരുന്നതിനു പകരം അവർ നിന്നാൽ മതി. മറ്റുള്ളവർക്ക് ഇരിക്കാവുന്നതാണ്.
7. പ്രതിജ്ഞ എടുക്കാൻ താല്പര്യപ്പെടുന്നവരോട് കാർമികൻ നാലു ചോദ്യങ്ങൾ ചോദിക്കുന്നു.
8. തുടർന്ന് കാർമ്മികൻ അൾത്താരയുടെ മുന്നിൽ ഇരിക്കുന്നു. ഇരുവശങ്ങളിലായി രണ്ടു മുതിർന്ന ജീസസ് യൂത്ത് നേതാക്കൾ.
9. പ്രതിജ്ഞ എടുക്കുന്ന അർഥികൾ ഓരോരുത്തരായി കാർമ്മികൻരെ മുമ്പിൽ മുട്ടുകുത്തുന്നു. തുടർന്ന്
   - സമർപ്പണ പ്രതിജ്ഞാവചനം വായിക്കുന്നു.
   - വായനക്കുശേഷം അൾത്താരയിൽ പ്രതിജ്ഞയിൽ ഒപ്പുവയ്ക്കുന്നു.
   - പേരും മറ്റുവിവരങ്ങളും രേഖപ്പെടുത്തിയ ഭാഗം കീറിയെടുത്ത് അൾത്താരയിൽ വയ്ക്കുന്നു.
   - മുതിർന്ന ജീസസ് യൂത്ത് നേതാക്കൾ ‘ജീസസ് യൂത്ത് അനുദിന പ്രാർത്ഥന’ കാർഡ് അതിഥിക്കു നൽകുന്നു.

     (ഈ സമയത്ത് മ്യൂസിക് മിനിസ്ട്രി പ്രകീർത്തന ഗാനങ്ങൾ ആലപിക്കുന്നു.)

**ശ്രദ്ധിക്കുക:** അതിഥികളുടെ എണ്ണം അധികമാകുമെങ്കിൽ ഇതു ഗ്രൂപ്പിൽ ചെയ്യാവുന്നതാണ്.

- പ്രതിജ്ഞ എടുക്കുന്നവർ നില്ക്കുക. കാർമ്മികനും രണ്ടുമുതിർന്ന നേതാക്കളും അൾത്താരയുടെ മുമ്പിൽ നിൽക്കുന്നു.

- പ്രതിജ്ഞ എടുക്കുന്ന എല്ലാവരും ഒരുമിച്ച് പ്രതിജ്ഞാ വാചകം ചൊല്ലുന്നു; അവരവരുടെ സ്ഥാനങ്ങളിൽ വച്ച് ഒപ്പു വയ്ക്കുന്നു.
- തുടർന്ന് ഓരോരുത്തരായി മുന്നോട്ടുവന്ന് തങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഭാഗം അൾത്താരയിൽ വയ്ക്കുന്നു. മ്യൂസിക് മിനിസ്ട്രി / സംഗീത ശുശ്രൂഷ വിഭാഗം ഈ സമയം സ്തുതിഗീതങ്ങൾ ആലപിക്കുന്നു.
- മുതിർന്ന ജീസസ് യൂത്ത് നേതാക്കൾ ഓരോ അതിഥിക്കും ജീസസ് യൂത്ത് അനുദിന പ്രാർത്ഥന കാർഡ് നല്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

പുനർ സമർപ്പണം നടത്തുന്നവർക്ക് ഇതേ നടപടിക്രമം (6മുതൽ 9 വരെ).

10. പ്രതിജ്ഞ എടുത്ത എല്ലാവരും തങ്ങളുടെ വ്യക്തിപരമായ വിശദാംശങ്ങൾ എഴുതിയ കടലാസ് അൾത്താരയിൽ വച്ചിട്ട് സ്വസ്ഥാനങ്ങളിൽ ഇരുന്നതിനുശേഷം കാർമ്മികൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

    – പ്രാർത്ഥനാ ക്രമത്തിലെ അഞ്ചാം ഭാഗം, അതായത് പ്രതിജ്ഞ മാത്രമെ വെവ്വേറെ (സമർപ്പണമോ പുന:സമർപ്പണമോ / എടുക്കുന്നുള്ളൂ. മറ്റു ഭാഗങ്ങളെല്ലാം ഒരുമിച്ചു ചെയ്യാവുന്നതാണ്.

11. ആറാംഭാഗം – പ്രത്യുത്തരം നിന്നുകൊണ്ടാണ് പ്രാർത്ഥിക്കേണ്ടത്. പരിശുദ്ധാത്മാവിനുള്ള പ്രതിഷ്ഠയും ലുത്തിനിയയും മുട്ടിൻമേൽ നിന്നുകൊണ്ടാവണം.

12. തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥന, സമാപനം; സ്തുതിഗീതാലാപനം

    മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഭാഗമായി ജീസസ് യൂത്ത് സെന്റർ / ഓഫീസിനുവേണ്ടിയുള്ള പ്രാർത്ഥനയുമുണ്ട്. പ്രാർത്ഥനാ കാർഡ് എല്ലാവർക്കും ലഭിക്കും; ഒരുമിച്ചു പ്രാർത്ഥിക്കും.

**ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തട്ടെ**

എ) പ്രാർത്ഥനാക്രമം അച്ചടിച്ച് വിതരണം ചെയ്യേണ്ടതില്ല. ഏതാനം കോപ്പികൾ മാത്രം തയ്യാറാക്കിയാൽ മതി. പവ്വർ പോയിന്റ് അവതരണം ആവാം.

ബി) സമർപ്പണ പ്രതിജ്ഞയുടെയും പുന:സമർപ്പണ പ്രതിജ്ഞയുടെയും കോപ്പികൾ വേണ്ടുന്നത്ര കരുതണം ; പ്രതിജ്ഞ എടുക്കുന്ന ഓരോരുത്തർക്കും ഒരു കോപ്പി ആവശ്യമാണ്; നല്കണം.

സി) പ്രതിജ്ഞയ്ക്കു രണ്ടു ഭാഗങ്ങളുണ്ട്; ഒന്ന് അർഥിയുടെ വ്യക്തിഗത വിശദാംശങ്ങൾ എഴുതി അൾത്താരയിൽ വയ്ക്കാനുള്ളത്. രണ്ട് ഒപ്പുവച്ച്, തങ്ങൾ നടത്തിയ സമർപ്പണത്തിന്റെ സ്മരണികയായി പാർപ്പിടത്തിൽ സൂക്ഷിക്കാനുള്ളത്. (പ്രതിജ്ഞാപത്രം മുൻകൂർ പൂരിപ്പിക്കുന്നതാണ് ഉത്തമം. വിശദാംശങ്ങൾ എഴുതിയ ഭാഗം അൾത്താരയിൽ, ഒപ്പുവച്ച് സമർപ്പിച്ചാൽ മാത്രം മതി.

ഡി) കമ്മിറ്റ്മെന്റ്/റീ കമ്മിറ്റ്മെന്റ് ഫോമം വലിയ അക്ഷരങ്ങളിൽ പൂരിപ്പിക്കേണ്ടതാണ്.

    'അനുദിന പ്രാർത്ഥന'യുടെ കോപ്പികൾ വേണ്ടുന്നത്ര കരുതണം. സമർപ്പണം നടത്തുന്ന ഓരോരുത്തർക്കും അൾത്താരയിൽ നിന്ന് ഒരു കോപ്പി വീതം നല്കണം. പുന:സമർപ്പണം നടത്തുന്നവർക്ക് ആവശ്യമെങ്കിൽ മാത്രം നല്കിയാൽ മതിയാവും (അവരുടെ പക്കൽ കഴിഞ്ഞവർഷം നല്കിയ പ്രാർത്ഥനാ കാർഡ് ഉണ്ടാവുമല്ലോ.)

എഫ്) ജീസസ് യൂത്ത് സെന്ററിനുവേണ്ടിയുള്ള പ്രാർത്ഥനാ കാർഡ് സമർപ്പണം/പുന:സമർപ്പണം നടത്തുന്ന എല്ലാവർക്കും നല്കണം, അനുദിനം പ്രാർത്ഥിക്കാൻ പ്രോത്സാഹിപ്പിക്കണം.

ജി) ജീസസ് യൂത്ത് ജീവിതശൈലിയെക്കുറിച്ചുള്ള വിലയിരുത്തലുകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ഫോം അച്ചടിച്ചു തയ്യാറാക്കണം. അവ ദൈവവചന വിചിന്തന

ത്തിനുശേഷം (ഭാഗം നാല്) വിതരണം ചെയ്യുക. ഫോം പൂരിപ്പിക്കുവാനായി അല്പ സമയം നല്കുക. സമർപ്പണത്തിനുശേഷം അവ എല്ലാവരിലും നിന്നു ശേഖരിക്കുക.

എച്ച്) കോ-ഓർഡിനേറ്റർമാർ അൾത്താരയിൽ വച്ചിരിക്കുന്ന കടലാസുകൾ ശേഖരിക്കുക; അവർക്കു നല്കിയിരിക്കുന്ന എക്സൽ ഷീറ്റ് പൂരിപ്പിക്കുക. ജീസസ് യൂത്ത് ജീവിതശൈലി ഫീസ് ബാക്ക ഫോമും ശേഖരിക്കുക.

ഐ) സമർപ്പണദിന പ്രാർത്ഥനാക്രമം, പ്രതിജ്ഞ, ജീസസ് യൂത്ത്, അനുദിന പ്രാർത്ഥന മുതലായവ നമ്മുടെ വെബ്സൈറ്റിലും ജീസസ് യൂത്ത് പ്രയർ ആപ്പിലും ലഭ്യമാണ്.

ജെ) സമർപ്പണ പ്രതിജ്ഞ എടുത്തവർ 1) പ്രതിജ്ഞാപത്രം, (2) അനുദിന ജീസസ് യൂത്ത് പ്രാർത്ഥന 3) ജീസസ് യൂത്ത് സെന്റർ പ്രാർത്ഥന എന്നിവ തങ്ങളോടൊപ്പം കൊണ്ടുപോകുന്നുണ്ട് എന്ന് ഉറപ്പിക്കണം.

കെ) ആദ്യന്തം ആത്മനിറവിന്റെ അന്തരീക്ഷം നിലനിർത്താൻ ഉത്സുകരാകുക. ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വയ്ക്കാവുന്നില്ലെങ്കിൽ ക്രൂശിതരൂപം നിശ്ചയമായും ഉണ്ടാവണം. അപ്പോസ്തല രാജ്ഞിയായ പരിശുദ്ധ മറിയത്തിന്റെ ചിത്രം/രൂപം അൾത്താരയുടെ പാർശ്വഭാഗത്തുണ്ടാകുന്നത് ഉചിതമാണ്.